# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

2003 ജനുവരി 30, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## അടിയന്തിര പ്രമേയ നോട്ടീസ്

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ:** തൃശൂരിൽ ഡി.വൈ.എഫ്.ഐ. യൂണിറ്റ് സെക്രട്ടറി തോമസ് കുട്ടിയുടെ കൊലപാതകം സംബന്ധിച്ച് പ്രതിപക്ഷത്തുനിന്ന് ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. അതിനെക്കുറിച്ച് ഉന്നയിക്കാൻ അവസരം നൽകണം.

**മി. സ്പീക്കർ**: ഇത് അടിയന്തിര പ്രമേയമായിട്ട് അനുവദിക്കാൻ നിർവ്വാഹമില്ല. സബ്മിഷനായിട്ട് ഉന്നയിക്കാനുള്ള അവസരം നൽകാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അപ്പോൾ അതിന് മറുപടി പറയും. ഇതിന് ഗൗരവമില്ലെന്ന് പറയുന്നില്ല.. ഗൗരവത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല അടിയന്തിര പ്രമേയം അനുവദിക്കുന്നത്. അടിയന്തിര പ്രമേയം അനുവദിക്കുന്നതിന് ഒരു പ്രത്യേക മാനദണ്ഡമുണ്ട്.. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ സഭ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം.

**പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ):** ഇന്നലെ വൈകിട്ട് 6

ദിവസങ്ങൾക്ക് മുമ്പ് നടന്ന സംഭവമല്ല. ഇതിന്റെ അടിയന്തിര സ്വഭാവം മനസ്സിലാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കണം.

**<u>മി. സ്പീക്കർ:</u>** ഇത് ഉന്നയിക്കാൻ അവസരം തരില്ലെന്ന് പറഞ്ഞില്ല. പ്രാധാന്യം അനുസരിച്ച് അജണ്ടയിലുള്ള സബ്മിഷനുകൾക്ക് മുമ്പ് ശ്രീ. കെ. രാധാകൃഷ്ണന് സബ്മിഷൻ ആയി ഉന്നയിക്കാൻ അവസരം നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. എ.ഡി.ബി. വായ്പയെക്കുറിച്ചും ''ജിം'' –നെക്കുറിച്ചുമെല്ലാം നിയമസഭയിൽ ചർച്ചചെയ്യാമെന്ന് ഞാൻ സമ്മതിച്ചിട്ടുണ്ട്. പ്രതിപക്ഷത്തിന് ചർച്ച ആവശ്യമില്ലെന്നുണ്ടെങ്കിൽ സഭയുടെ ബിസിനസ്സ് എല്ലാം പാസ്സാക്കി സഭ ഇപ്പോൾ തന്നെ പിരിയാം. സമ്മർദ്ദംകൊണ്ട് എന്നെ പരാജയപ്പെടുത്താമെന്ന് വിചാരിക്കേണ്ട.

**<u>പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u>** ഇന്നലെ തൃശൂരിൽ ഒരു കണ്ടക്ടറെ അതിമൃഗീയമായി കൊലചെയ്തത് ഒറ്റപ്പെട്ട സംഭവമല്ല. നേരത്തേ ഒല്ലൂർ നിയോജകമണ്ഡലത്തിലെ സന്തോഷിനെ ആക്രമിച്ചത് സംബന്ധിച്ച് ഞാൻ മുഖ്യമന്ത്രിക്ക് എഴുതി കൊടുത്തിരുന്നു. അതിൽ തൃശൂർ ജില്ലയിലെ സാമൂഹ്യ വിരുദ്ധരുടെ ഹീനമായ പ്രവൃത്തികളും പോലീസിന്റെ അഴിഞ്ഞാട്ടവും ചൂണ്ടിക്കാണിച്ചിരുന്നു. സർക്കിൾ ഇൻസ്പെക്ടർ മദ്യപിച്ച് വീടുകളിൽ കയറി സ്ത്രീകളടക്കം നിരവധി പേരെ ആക്രമിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായിട്ടാണ് ഇന്നലെ നടന്ന കണ്ടക്ടറുടെ കൊലപാതകം. ഇങ്ങനെ തുടർച്ചയായി ആറ് സംഭവങ്ങൾ അടുത്ത കാലത്ത് അവിടെ നടന്നിട്ടുണ്ടെങ്കിലും. സർക്കാരിന്റെ ഭാഗത്ത് നിന്നും യാതൊരു നടപടി.യും ഇതുവരെ ഉണ്ടായിട്ടില്ല. ഇത്രയും ഗുരുതരമായ സംഭവം നിസ്സാരമായി കാണുന്ന ഈ സർക്കാരിന്റെ ഹീനവും നിഷേധാത്മകവുമായ സമീപനത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്ത് പോകുകയും അൽപ്പസമയത്തിനുള്ളിൽ സഭയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു.)

## പ്രത്യേക പരാമർശം

ശ്രീ. ഷിബു ബേബിജോൺ, എം.എൽ.എ. നടത്തുന്ന നിരാഹാര സമരം

**ശ്രീ. ആർ. ബാലകൃഷ്ണപിള്ള**: ഇൻഡ്യൻ റെയർ എർത്സ് കമ്പനിയിൽ നിന്നും വോളന്ററി റിട്ടയർമെന്റിന് വിധേയരായ തൊഴിലാളികൾക്ക് എഗ്രിമെന്റിലെ ആനുകൂല്യങ്ങൾ നൽകാത്തതിനെതിരെ യൂണിയൻ സെക്രട്ടറിയും ഈ സഭയിലെ അംഗവുമായ ശ്രീ. ഷിബു ബേബിജോൺ നിരാഹാരം തുടരുകയാണ്. മുഖ്യമന്ത്രി കേന്ദ്ര ഗവണ്മെന്റുമായി ബന്ധപ്പെട്ട് ഇതിനൊരു പരിഹാരം ഉണ്ടാക്കണം.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി):** ഈ പ്രശ്നം നേരത്തെതന്നെ കേന്ദ്ര തൊഴിൽകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും മറ്റ് ഉദ്യോഗസ്ഥരുമായി സംസാരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നിട്ടും ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടായില്ല. സഭയിലെ ഒരംഗം നിരാഹാരം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ വ്യവസായ വകുപ്പുമന്ത്രിയോടും തൊഴിൽ വകുപ്പുമന്ത്രിയോടും അടിയന്തിരമായി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിരാഹാരം അവസാനിപ്പിക്കാൻ എല്ലാപേരും കൂടി അഭ്യർത്ഥിക്കണം.

## ശ്രദ്ധക്ഷണിക്കൽ

സഹകരണ സംഘങ്ങളുടെ സർക്കാർ ആഡിറ്റ് ഫീസ് വർദ്ധന

**ശ്രീ. പി. ജയരാജൻ** : കേരളത്തിലെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് ഫീസ് ക്രമാതീതമായി വർദ്ധിപ്പിച്ചിരിക്കുന്നതിനാൽ സഹകരണ സംഘങ്ങൾക്ക് വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. ടേണോവറിന്റേയോ പ്രവർത്തന മൂലധനത്തിന്റേയോ അടിസ്ഥാനത്തിലാണ് ആഡിറ്റ് ഫീസ് നിശ്ചയിക്കുന്നത്. 5000 രൂപ അടച്ചിരുന്ന സംഘങ്ങൾ ഇപ്പോൾ 25000 രൂപ വരെ അടയ്ക്കേണ്ടി വന്നിരിക്കുന്നതിനാൽ ദുർബലാവസ്ഥയിലുള്ള പല

ക്ഷീര സഹകരണ സംഘങ്ങളും കയർ സഹകരണ സംഘങ്ങളും ബുദ്ധിമുട്ടി ലായിരിക്കുകയാണ്; ആഡിറ്റ് ഫീസ് അടയ്ക്കാത്തതിന്റെ പേരിൽ പല സംഘങ്ങളും ജപ്തി നടപടിയുടെ ഭീഷണിയിലാണ് ഇത് സഹകരണ മേഖലയിൽ അരാജകത്വം ഉണ്ടാകാനിടയാക്കും. അതിനാൽ ഇത്തരം സഹകരണ സംഘങ്ങളിലെ ആഡിറ്റ് ഫീസ് കുറയ്ക്കാൻ നടപടിയുണ്ടാകണം. സ്വാശ്രയ സഹകരണ സംഘങ്ങളിലെ ആഡിറ്റിംഗ് ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൊണ്ടുനടത്തിക്കാമെന്നുള്ളത് ക്രമക്കേടുകൾക്ക് വഴിതെളിക്കും.

**സഹകരണവകുപ്പുമന്ത്രി <u>(ശ്രീ. എം. വി. രാഘവൻ)</u>** : സഹകരണസംഘങ്ങളിലെ ആഡിറ്റ് ഫീസ് കൂട്ടിയിട്ടില്ല. സംസ്ഥാനത്തിന്റെ വിഭവസമാഹരണം ഊർജ്ജിത പ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു റിപ്പോർട്ട് രജിസ്ട്രാറോട് ചോദിച്ചിരുന്നു. 1969-ലെ സഹകരണ ചട്ടം 65 (4) പ്രകാരം സഹകരണസംഘങ്ങളുടെ പ്രവർത്തന മൂലധന ത്തിന്റെയും വിറ്റുവരവിന്റെയും അടിസ്ഥാനത്തിൽ ഓരോ 100 രൂപയ്ക്കും അൻപത് പൈസ ക്രമത്തിൽ പരമാവധി പതിനയ്യായിരം രൂപവരെയാണ് ആഡിറ്റിംഗ് ഫീസ് 2.5.2000-ത്തിൽ നിശ്ചയിച്ചിരുന്നത്. പതിനയ്യായിരം എന്ന പരിധി അൻപതിനായിരം വരെ ആകാമെന്നാണ് രജിസ്ട്രാർ റക്കമെന്റ് ചെയ്ത് റിപ്പോർട്ട് തന്നതെങ്കിലും ഗവണ്മെന്റ് അത് ഇരുപത്തയ്യായിരം രൂപയായി നിശ്ചയിച്ചു. ഇത് ചെറിയ സഹകരണസംഘങ്ങൾക്ക് ബാധകമല്ല. 50 ലക്ഷം രൂപയുടെ വിറ്റുവരവോ പ്രവർത്തന മൂലധനമോ ഉള്ള സംഘങ്ങൾക്ക് മിനിമം ഇരുപത്തയ്യായിരം എന്ന വ്യവസ്ഥ ബാധകമാണ്. സ്വാശ്രയ സഹകരണസംഘങ്ങളുടെ കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങൾക്കും ഫാമിംഗ് സൊസൈറ്റികൾക്കും വെൽഫയർ സൊസൈറ്റികൾക്കും സ്വന്തമായി ആഡിറ്റർമാരെ വച്ചിട്ടുള്ളവർക്കും ആഡിറ്റ് ഫീസ് ഇല്ല. വീവേഴ്സ് സഹകരണസംഘ ങ്ങൾക്കും കയർ സഹകരണസംഘങ്ങൾക്കും ഫിഷർമെൻ സഹകരണസംഘങ്ങൾക്കും അവ ആരംഭിച്ച് ആറു വർഷത്തേക്ക് ആഡിറ്റ് ഫീസില്ല. ആഡിറ്റ് ഫീസ് നൽകാൻ കഴിയാത്ത സംഘങ്ങളുടെ കാര്യം ഗവണ്മെന്റ്

പരിശോധിക്കും. ക്ഷീര സംഘങ്ങളെക്കൂടി ആഡിറ്റ് ഫീസിൽ നിന്നും ഒഴിവാക്കുന്ന കാര്യം ആലോചിച്ചേ പറയാൻ സാധിക്കുകയുള്ളു.

(2) കൊച്ചി കോർപ്പറേഷനിലെ ഫോർട്ടു കൊച്ചി, മട്ടാഞ്ചേരി പ്രദേശങ്ങൾ ചേർത്ത് പുതിയ മുനിസിപ്പാലിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത.

**ശ്രീ. വി. കെ . ഇബ്രാഹിം കുഞ്ഞ് :** കൊച്ചിൻ കോർപ്പറേഷനിൽ ഉൾപ്പെട്ട ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി പ്രദേശങ്ങൾ അവഗണനയുടെയും അവികസിത പ്രശ്നങ്ങളുടെയും നടുവിലാണ്. മുമ്പ് ഈ പ്രദേശങ്ങൾ മുനിസിപ്പാലിറ്റികളായിരുന്നപ്പോൾ തുടങ്ങിവച്ച വികസനപ്രവർത്തനങ്ങൾ 1967–ൽ കൊച്ചിൻ കോർപ്പറേഷൻ രൂപീകരണത്തോടുകൂടി അവസാനിച്ചിരിക്കുകയാണ്. തെക്ക് മരട് മുതൽ വടക്ക് നെടുമ്പാശ്ശേരി വരെ നീണ്ടുപോകുന്ന മഹാനഗരമായി കൊച്ചി വളർന്നുകൊണ്ടിരിക്കുന്നു. മട്ടാഞ്ചരി ഉൾപ്പെടുന്ന പശ്ചിമകൊച്ചിയിൽ യാതൊരു വളർച്ചയുമില്ല. കൊച്ചിൻ കോർപ്പറേഷനിലേക്ക് അനുവദിക്കുന്ന ഫണ്ട്സും സ്കീമുകളും കോർപ്പറേഷന്റെ കിഴക്കുഭാഗത്ത് മാത്രം ഒതുങ്ങുന്നു. യഥാർത്ഥ ഫോർട്ട് കൊച്ചിയിൽ വികസനം നടക്കുന്നില്ല. കൊച്ചിയെ ഒരു ട്വിൻ സിറ്റി ആക്കണമെന്ന നിർദ്ദേശവും നടപ്പാക്കപ്പെട്ടിട്ടില്ല. പശ്ചിമകൊച്ചിയും മട്ടാഞ്ചേരിബസാറും തകർച്ചയിലാണ്. തൊഴിലില്ലായ്മയും സാമൂഹ്യപ്രശ്നങ്ങളും വിദ്യാഭ്യാസപ്രശ്നങ്ങളുമെല്ലാം രൂക്ഷമാണ്. തുറമുഖപട്ടണമെന്ന നിലയിലും പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചേരികളുള്ള പ്രദേശമാണിത്. അനുദിനം ചേരികൾ വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. മട്ടാഞ്ചേരിയുടേയും ഫോർട്ട്കൊച്ചിയുടേയും വികസനത്തിന് വേണ്ടി പ്രഖ്യാപിച്ച പദ്ധതികളെല്ലാം കൊച്ചിക്ക് മുഴുവനായി നടപ്പാക്കപ്പെടുന്നു. ബ്രിട്ടീഷ് ഏജൻസിയുടെ സഹായത്തോടെ നടപ്പാക്കുന്ന ഒരു കുടിവെള്ള പദ്ധതി മാത്രമാണ് അവിടെയുള്ളത്. പാർക്കാൻ സ്ഥലമില്ലാതെ ജനങ്ങൾ വലയുന്നു. അതിനാൽ ഫോർട്ട്കൊച്ചിയും മട്ടാഞ്ചേരിയും ഉൾപ്പെടുത്തി ഒരു മുനിസിപ്പാലിറ്റി രൂപീകരിക്കാൻ നടപടിയെടുക്കണം.

**തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി <u>(ശ്രീ. ചെർക്കളം അബ്ദുള്ള):</u>** ഫോർട്ട്കൊച്ചിയും മട്ടാഞ്ചേരിയും എറണാകുളവും ഉൾപ്പെടുന്ന മൂന്നു മുനിസിപ്പാലിറ്റികളും സമീപ പഞ്ചായത്തുകളും ചേർന്നാണ് കൊച്ചിൻ കോർപ്പറേഷൻ നിലവിൽ വന്നത്. കഴിഞ്ഞ 35 വർഷങ്ങളായി നടത്തിയ വികസനപരിപാടികളുടേയും പദ്ധതികളുടേയും ഫലമായി കേരളത്തിന്റെ വ്യാവസായിക തലസ്ഥാനവും ഇന്ത്യയിലെ പ്രമുഖ തുറമുഖനഗരവും ഇൻഫർമേഷൻ ടെക്നോളജി ഡെസ്റ്റിനേഷനുമായി കൊച്ചി വളർന്നിരിക്കുന്നു. 94.8 ചതുരശ്രകിലോമീറ്റർ വിസ്തൃതിയും ആറ് ലക്ഷം ജനസംഖ്യയുമുള്ള കൊച്ചി നഗരം ഒരു മെട്രോപൊളിറ്റൻ നഗരമെന്ന നിലയിലേക്ക് ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്ന സാഹചര്യത്തിൽ പുതിയ നഗരസഭാരൂപീകരണം അതിന് തടസ്സമാകും. അതുകൊണ്ട് ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി പ്രദേശങ്ങൾ ചേർത്ത് ഒരു മുനിസിപ്പാലിറ്റി രൂപീകരിക്കുന്നത് അഭികാമ്യമല്ല. ബ്രിട്ടീഷ് ഗവൺമെൻറിന്റെ സഹായത്തോടെ കുടുംബശ്രീ പദ്ധതിയുടെ ആഭിമുഖ്യത്തിൽ പോവർട്ടി അലീവിയേഷൻ പ്രോഗ്രാം ഫോർ മട്ടാഞ്ചേരി എന്ന ഒരു സ്കീം നടപ്പലാക്കാൻ ഉദ്ദേശിക്കുന്നു.

## സബ്മിഷൻ

1 . <u>കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്ഥാനം</u>

**<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ:</u>** കുറ്റിക്കോൽ പഞ്ചായത്തിന്റെ ആസ്ഥാനം പടുപ്പിലേയ്ക്കു മാറ്റാനുള്ള തീരുമാനം പിൻവലിക്കണം.

**തദ്ദേശ സ്വയംഭരണവകുപ്പിമന്ത്രി <u>(ശ്രീ. ചെർക്കളം അബ്ദുള്ള</u>**): കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്ഥാനം പടുപ്പ് എന്ന സ്ഥലത്തേയ്ക്ക് മാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചു. എന്നാൽ ആസ്ഥാനം മാറ്ററുതെന്നാണ് പഞ്ചായത്തിന്റെ തീരുമാനം. പൊതുജനങ്ങളുടെ അഭിപ്രായങ്ങൾക്കൂടി ആരാഞ്ഞശേഷമേ അന്തിമ തീരുമാന മെടുക്കുകയുള്ളൂ

## 2. വിവിധ ബൈപാസുകളുടെ നിർമ്മാണം

**ശ്രീ. കെ. സി. വേണുഗോപാൽ**: ആലപ്പുഴ ഉൾപ്പെടെ സംസ്ഥാനത്തെ ബൈപാസുകളുടെ നിർമ്മാണം പ്രയോറിറ്റി അടിസ്ഥാനത്തിൽ പൂർത്തീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ)** : ആലപ്പുഴ ബൈപാസിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 84.67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുകയും ആദ്യ ഘട്ടത്തിന്റെ പണി പൂർത്തീകരിക്കുകയും ചെയ്തു. റെയിൽവേ ഓവർബ്രിഡ്ജ് ഒഴികെ രണ്ടാം ഘട്ട ബൈപാസിന്റെ നിർമ്മാണത്തിന് 12.53 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചു. ആലപ്പുഴ ബൈപാസിൽ വരുന്ന രണ്ട് മേൽപ്പാലങ്ങൾ ബി. ഒ. ടി. അടിസ്ഥാനത്തിൽ ചെയ്യുന്നതിന് റെയിൽവേ അതോറിറ്റിയുമായി കത്തിടപാടുകൾ നടത്തിക്കഴിഞ്ഞു. തൃപ്പൂണിത്തുറയിലും ആറ്റിങ്ങലിലും ഓരോ ബൈപാസുകൾ ആവശ്യമാണെന്ന് പറഞ്ഞു കേന്ദ്ര ഗവൺമെന്റുമായി കത്തിടപാടുകൾ നടത്തി. അത് അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പറഞ്ഞിട്ടുമുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പെടുന്ന 19 ബൈപാസുകളുടെ പണി പുരോഗതിയിലാണ്. എല്ലാ ബൈപാസുകളുടേയും പണി സമയബന്ധിതമായി പൂർത്തീ കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## 3. മീൻചന്ത റെയിൽവേ ഓവർബ്രിഡ്ജിന്റെ അവശേഷിക്കുന്ന പണി

**ശ്രീ. വി. കെ. സി. മമ്മത് കോയ:** കോഴിക്കോട് ബേപ്പൂർ റോഡിലെ മീൻചന്ത റെയിൽവേ ഓവർബ്രിഡ്ജിന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ)** : കോഴിക്കോട് ബേപ്പൂർ

റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ നിർവ്വഹിച്ചുവരുന്നു. പാലത്തിന്റെ റെയിൽവേ പോർഷനിലുള്ള മൂന്ന് സ്പാനുകളിൽ റെയിൽവേ സേഫ്റ്റി കമ്മിഷണറുടെ അംഗീകാരം ലഭിച്ച രണ്ടു സ്പാനുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. മൂന്നാമത്തെ സ്പാനിനുകൂടി അനുമതി ലഭിച്ചുകഴിഞ്ഞാലുടൻ മീൻചന്ത റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും.

4. <u>പറംപിക്കുളം – അളിയാർ കരാർ റിവ്യൂ ചെയ്യേണ്ടതിന്റെ ആവശ്യകത</u>

**<u>ശ്രീ. കെ. എ. ചന്ദ്രൻ:</u>** പറംപിക്കുളം – അളിയാർ കരാർ കഴിയുന്നതും വേഗം റിവ്യൂ ചെയ്ത് തമിഴ്നാടിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട ജലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. 29.5.70–ൽ തമിഴ്നാടും കേരളവും തമ്മിൽ ഉണ്ടാക്കിയ കരാർ അനുസരിച്ച് 7250 ദശലക്ഷം ഘന അടി ജലം ഭാരതപ്പുഴയിൽ നിന്നും നമുക്ക് അനുവദിച്ചിട്ടുണ്ട്. തമിഴ്നാടിന് പറംപിക്കുളം ഗ്രൂപ്പ് ഡാമുകളിൽ നിന്നും 16,500 ദശ ലക്ഷം ഘന അടി ജലം അനുവദിച്ചിട്ടുണ്ട്. ജല ബാഷ്പീകരണക്കുറിപ്പ് അവ്യക്തത നിറഞ്ഞതാണ്. 9.11.1998–ൽ റിവ്യൂ ചെയ്യേണ്ടിയിരുന്ന കരാർ ഇതുവരെ റിവ്യൂ ചെയ്യാൻ കഴിയാത്തതുമൂലം കേരളത്തിന് ലഭിക്കേണ്ട 29,500 ദശ ലക്ഷം ഘന അടി ജലം ലഭിക്കാതെപോകുന്നു. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണം.

**ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. ടി. എം. ജേക്കബ്)</u>** : 1958 മുതൽ പൂർവ്വകാല പ്രാബല്യം കൊടുത്ത് 1970–ൽ ഇരു ഗവൺമെന്റുകളും ഒപ്പുവച്ച കരാർ 30 വർഷത്തി ലൊരിക്കൽ റിവ്യൂ ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തെക്കുറിച്ച് തമിഴ്നാട് ഗവൺമെന്റുമായി നിരവധി പ്രാവശ്യം ചർച്ച നടത്തുകയുണ്ടായി. മന്ത്രി തലത്തിൽ തന്നെ എട്ടു പ്രാവശ്യം ചർച്ച നടത്തി. കേരള

ഷോളയാറിൽ നിന്നും അർഹതപ്പെട്ട ജലവും നമുക്ക് കിട്ടുന്നില്ല. പാലക്കാട് ജില്ലയുടെ പല

പഠനം നടത്തുകയും റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കരാർ ലംഘനത്തെക്കുറിച്ച് തമിഴ്നാട് ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട് തമിഴ്നാട് ഗവൺമെന്റുകൂടി എഗ്രീചെയ്താൽ മാത്രമേ അതിന് അവസാന രൂപം നൽകാൻ കഴിയുകയുള്ളൂ. കൂടുതൽ സമ്മർദ്ദം ചെലുത്തി എങ്ങനെയെങ്കിലും റിവ്യൂ ചെയ്യാൻ ഈ ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുക്കുന്നുണ്ട്. അതിനുള്ള ശ്രമം തുടർന്നും നടത്തുന്നതാണ്.

. 5. <u>ബാർബർ തൊഴിലാളികൾക്ക് ക്ഷേമനിധി.</u>

**<u>ശ്രീ.ടി.പി.രാമകൃഷ്ണൻ</u>** : പ്രത്യേകക്ഷേമനിധിയും പെൻഷനും മറ്റ് ആനുകൂല്യങ്ങളും വേണമെന്ന ആവശ്യം ഉന്നയിച്ച് സംസ്ഥാനത്തെ ബാർബർ തൊഴിലാളികൾ ഇന്ന് പണിമുടക്കുകയാണ്. അവരുടെ ആവശ്യങ്ങൾ അനുവദിച്ചു നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

**തൊഴിൽ വകുപ്പു മന്ത്രി (<u>ശ്രീ. ബാബു ദിവാകരൻ)</u>** : നിലവിലുള്ള കൈത്തൊഴിലാളി –വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിലാണിപ്പോൾ ബാർബർത്തൊഴിലാളികൾ അംഗങ്ങളായിട്ടുള്ളത്. ഓരോ വിഭാഗത്തിനും പ്രത്യേകമായ ക്ഷേമനിധി ബോർഡ് വരുമ്പോൾ ഭരണപരമായ ചെലവ് വർദ്ധിക്കുന്നതുകൊണ്ട് അവയുടെ പ്രവർത്തനം മുന്നോട്ടുക്കൊണ്ട് പോകാൻ കഴിയുന്നില്ല. അതുകൊണ്ട് കേരള ബാർബർത്തൊഴിലാളി ക്ഷേമനിധിയെന്ന പേരിൽ ഒരു പ്രത്യേക സ്കീം കേരള ലേബർവെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിൽ ആരംഭിക്കാനുള്ള നടപടി സജീവമായി പരിഗണിച്ചുവരുന്നു. ഇതിൽ മറ്റ് ആനുകൂല്യങ്ങൾ ഉൾപ്പെടുന്നതാണ്.

6. <u>പട്ടാമ്പിയിൽ ബൈപാസ്നിർമ്മാണം.</u>

**<u>ശ്രീ. സി.പി. മുഹമ്മദ് :</u>** പട്ടാമ്പി ടൗണിൽ ഗതാഗതം വളരെ ദുസ്സഹമായിരിക്കുകയാണ്. മണിക്കുറുകളോളം ഗതാഗത സ്തംഭനമുണ്ടാകുന്നു. അവിടെ

**മരാമത്തു വകുപ്പുമന്ത്രി (<u>ശ്രീ. എം.കെ.മുനീർ)</u>**: പട്ടാമ്പി സാമാന്യം തിരക്കുള്ള ടൗണായതിനാൽ അവിടെ ഒരു ബൈപാസ് പണിയുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഇതുസംബന്ധിച്ച പ്രാഥമിക നടപടികളാരംഭിക്കുന്നതാണ്.

## <u>റിപ്പോർട്ട് സമർപ്പണം</u>

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിച്ചു.

## <u>ക്രമപ്രശ്നം</u>

<u>ചോദ്യങ്ങൾക്ക് മറുപടി കിട്ടാത്തതു സംബന്ധിച്ച്</u>.

<u>**ശ്രീ. എം.വി. .ജയരാജൻ**</u>: അംഗങ്ങൾ എഴുതിക്കൊടുക്കുന്ന അൺസ്റ്റാർഡ് ചോദ്യങ്ങൾ പലതിനും മറുപടി കിട്ടുന്നില്ല. മറുപടി ലഭ്യമാക്കുന്നതിന് വേണ്ട റൂളിംഗ് അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകണം.

**മുഖ്യമന്ത്രി (<u>ശ്രീ. എ.കെ. ആന്റണി)</u>** : എനിക്കു വരുന്ന മിക്കവാറും ചോദ്യങ്ങൾക്ക് ഞാൻ മറുപടി കൊടുത്തിട്ടുണ്ട് . രണ്ട് മൂന്ന് ചോദ്യങ്ങൾ ഒഴിച്ച് ബാക്കി എല്ലാത്തിനും മറുപടി കൊടുത്തിട്ടുണ്ട്.

<u>**മി. സ്പീക്കർ**</u> : പരമാവധി ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കുന്നതിന് മന്ത്രിമാർ ശ്രമിക്കണം. ചിലതിന് മറുപടി കളക്ട് ചെയ്യാൻ പ്രയാസം വരും. ഏതായാലും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന് മറ്റ് മന്ത്രിമാരോടുംകൂടി മുഖ്യമന്ത്രി പറയണം.

## <u>ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)</u>

**<u>ശ്രീ. പി.എസ്. സുപാൽ:</u>** നന്ദിപ്രമേയത്തെ എതിർക്കുന്നു. ഇതുവരെ നടത്തിയ പ്രഖ്യാപനങ്ങൾ നടപ്പിലാക്കാത്ത കാര്യത്തിൽ റിക്കാർഡ് ഇട്ട ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനമാണ് ഇവിടെ നടന്നത്. ഈ ഗവൺമെന്റ് സംസ്ഥാനത്തെ ചെറുപ്പക്കാരെ വഞ്ചിച്ചിരിക്കുകയാണ്.ഇരുപത് മാസക്കാലമായി അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് ലക്ഷോപ ലക്ഷം ചെറുപ്പക്കാരുടെ പ്രതീക്ഷകൾ ഇല്ലാതാക്കുന്ന തരത്തിലുള്ള നിയമന നിരോധന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ യുവജനങ്ങളെ വഞ്ചിക്കുന്ന ഇത്തര ത്തിലുള്ള സമീപനത്തിൽ നിന്നും ഗവൺമെന്റ് പിൻമാറണം.

**<u>ശ്രീ. തമ്പാനൂർ രവി:</u>** നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ, വികസനത്തിനുതകുന്ന അതിപ്രധാനമായ ഒരു നാഴികക്കല്ലാണ് ഈ നയപ്രഖ്യാപന പ്രസംഗം. കേരളപ്പിറവിക്കുശേഷം ഇവിടെ ഭരണം നടത്തിയിട്ടുള്ള പാർട്ടികൾ അങ്ങോട്ടുമിങ്ങോട്ടും പഴിചാരി സമയം പാഴാക്കിയതല്ലാതെ കേരളത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു പരിധി വരെ പരാജയപ്പെടുക യാണുണ്ടായത്. അത് മനസ്സിലാക്കി പരസ്പരം സഹകരിച്ച് സമവായമുണ്ടാക്കി മുന്നോട്ടു പോകേണ്ടത് അത്യാവശ്യമായിരിക്കുകയാണ്. കേരളത്തിന്റെ റവന്യൂവരുമാനത്തിന്റെ സിംഹഭാഗവും ശംബളവും പെൻഷനും നൽകാനായി വിനിയോഗിക്കേണ്ടി വരുന്നു. ഈ സാഹചര്യത്തിൽ വമ്പിച്ച പലിശയ്ക്ക് പണം കടമെടുത്ത് നിത്യവൃത്തി കഴിക്കുന്ന സ്ഥിതിക്ക് മാറ്റം വരുത്താനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. ഒരു കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ നിക്ഷേപം ഉണ്ടാകണം. അതിനുവേണ്ടി സൗഹൃദമായ ഒരന്തരീക്ഷവും ഒരു പുതിയ ദിശാബോധവും വളർത്തിയെടുക്കണം. സ്റ്റേറ്റിന്റെ എല്ലാ വികസനകാര്യങ്ങൾക്കും കഴമ്പില്ലാത്ത തടസ്സവാദമുന്നയിക്കുന്ന പ്രതിപക്ഷത്തിന്റെ ശൈലിക്ക് മാറ്റം വരുത്തണം. അനുയോജ്യമായ സമയത്ത് അനുകൂലമായ നടപടികളെടുക്കാൻ തയ്യാറാകണം; യാഥാർത്ഥ്യങ്ങളെ അംഗീകരിക്കാൻ തയ്യാറാകണം. ലോകത്ത് ശാസ്ത്ര-സാങ്കേതിക രംഗത്ത് വളരെയധികം മാറ്റം ഉണ്ടായിരിക്കുന്നു. സമസ്ത മേഖലയിലും മുരടിപ്പു ബാധിച്ചു നശിച്ചുകൊണ്ടിരിക്കുന്ന സമയത്ത് അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് നവകേരള സൃഷ്ടിക്കുവേണ്ടി ആത്മാർത്ഥമായ പ്രവർത്തനമാണ് നടത്തുന്നത്. 2002 മാർച്ചിൽ

അവസാനിച്ച സാമ്പത്തിക വർഷത്തിൽ റവന്യൂ കമ്മി 16 ശതമാനത്തോളം കുറച്ചുകൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കേരളത്തെ ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും ഉന്നത വിദ്യാഭ്യാസ-കാർഷിക മേഖലകൾ ഉൾപ്പെടെയുള്ള അടിസ്ഥാന മേഖലകളുടെ വികസനത്തിനുംവേണ്ടി ഈ ഗവൺമെന്റ് യത്നിക്കുമ്പോൾ പ്രതിപക്ഷത്തിന്റെ സഹകരണം അത്യന്താപേക്ഷിതമാണ്. നിക്ഷേപ സമാഹരണ സംഗമത്തിലൂടെ 26,500 കോടി രൂപയുടെ നിക്ഷേപമാണ് കേരളത്തിൽ നടത്താൻ പോകുന്നത്. 45 ലക്ഷത്തോളം തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുള്ള സംസ്ഥാനമാണ് കേരളം. ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ യാഥാർത്ഥ്യബോധത്തോടുകൂടി

പ്രതിപക്ഷം കാണണം. എ.ഡി.ബി. വായ്പയെ സംബന്ധിച്ചും 'ജിം'-നെ സംബന്ധിച്ചും സഭയിൽ ചർച്ച ചെയ്ത് പ്രതിപക്ഷത്തിന് ഈ രണ്ട് വിഷയങ്ങളിലും ഉണ്ടായിട്ടുള്ള തെറ്റിദ്ധാരണകൾ നീക്കി സമവായത്തിലൂടെ മുന്നോട്ടു നീങ്ങുന്നതിന് ഗവൺമെന്റ് തയ്യാറാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പഴഞ്ചൻ ആശയങ്ങൾ ഉപേക്ഷിച്ച് കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങളിൽ സഹകരിക്കണം. കേരളത്തിലെ തൊഴിൽ മേഖല ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും മാറ്റം ആവശ്യമാണ്; ഇത് കേരളത്തിലെ തൊഴിലാളികളും ആഗ്രഹിക്കുന്ന കാര്യമാണ്.. ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങൾക്ക് പിന്തുണ നൽകിക്കൊണ്ട് സമവായത്തിലൂടെ മുന്നോട്ട് നീങ്ങുന്നതിന് പ്രതിപക്ഷം തയ്യാറാകണം.

**<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u>**: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് വരുത്തിവച്ച സാമ്പത്തിക തകർച്ചയിൽനിന്ന് കേരളത്തെ രക്ഷപ്പെടുത്താൻ കഴിയുമെന്നുള്ള ആത്മവിശ്വാസം വളർത്തിയെടുക്കാൻ കഴിഞ്ഞു എന്നുള്ളതാണ് ഒന്നര വർഷത്തെ ഭരണംകൊണ്ടുള്ള ഈ ഗവൺമെന്റിന്റെ നേട്ടം. കേരളത്തിൽ മുതൽ മുടക്കാൻ തയ്യാറുള്ളവർക്ക് ധൈര്യമായി ഇങ്ങോട്ട്

കടന്നുവരാമെന്നുള്ള ഒരു മെസ്സേജ് പുറംനാടുകളിലേയ്ക്ക് പോയി എന്നുള്ളതാണ് 'ജിം'–ലൂടെ കൈവരിച്ച നേട്ടം. സംവരണ വിഭാഗങ്ങൾക്ക് അർഹമായ 18,525 പോസ്റ്റുകൾ നഷ്ടപ്പെടുത്തി എന്ന് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ആധികാരികമായി പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടില്ലാത്തതിനാൽ ഗവൺമെന്റ് എടുക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണം. ഈ ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്ന നല്ല കാര്യങ്ങളെ കണ്ണടച്ച് എതിർക്കുന്ന സമീപനം അവസാനിപ്പിച്ച് സമവായത്തിന്റെ പാതയിലൂടെ മുന്നോട്ടു നീങ്ങുന്നതിന് പ്രതിപക്ഷം തയ്യാറാകണം. പെരിയാറിലേയും മലമ്പുഴയിലേയും ജലം വിൽപ്പന നടത്താനും പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനും ഈ ഗവൺമെന്റ് ശ്രമിക്കുന്നു എന്നുള്ള പ്രതിപക്ഷ വിമർശനങ്ങൾ തെറ്റിദ്ധാരണ പരത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. സ്വകാര്യവൽക്കരണത്തെ കണ്ണടച്ച് അനുകൂലിക്കുന്ന സമീപനമല്ല ഈ ഗവൺമെന്റ് എടുക്കുന്നത്. പശ്ചിമ ബംഗാളിൽ നടപ്പാക്കുന്നതിനേക്കാൾ പുരോഗമനപരമായ നയങ്ങളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു നീങ്ങുന്നത്. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന്റേയും ഭാരത് പെട്രോളിയം കോർപ്പറേഷന്റേയും ഓഹരികൾ കേന്ദ്ര ഗവൺമെന്റ് സ്വകാര്യമേഖലയ്ക്ക് വിൽക്കാൻ തീരുമാനമെടുത്ത നടപടി രാജ്യദ്രോഹപരമാണ്. യു.ഡി.എഫ്. ഗവൺമെന്റിന് പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കണമെന്ന് ആഗ്രഹമില്ല. ഗ്ലോബലൈസേഷന്റെ കാര്യത്തിൽ ഈ ഗവൺമെന്റിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. മാഫിയാകളുടെ കയ്യിലകപ്പെട്ടുകഴിഞ്ഞിരിക്കുന്ന കേരളത്തിലെ വനങ്ങളേയും നദികളേയും സംരക്ഷിക്കുന്നതിനുവേണ്ടി ഒരു നിയമസഭാ കമ്മിറ്റി തന്നെ രൂപീകരിക്കാൻ പോകുന്നു എന്ന റൂൾസ് കമ്മിറ്റി റിപ്പോർട്ടിലെ പരാമർശം സ്വാഗതാർഹമാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രതിസന്ധി ഉണ്ടാക്കുന്നവിധത്തിൽ ഒരു ജഡ്ജ്മെന്റ് വന്നിട്ടുണ്ടെങ്കിൽ നിയമനിർമ്മാണസഭയ്ക്ക് ആ ജഡ്ജ്മെന്റിനെ എങ്ങനെ മറികടക്കാൻ കഴിയും എന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. വികസന കാര്യത്തിൽ എൽ.ഡി.എഫ്.

ഗവൺമെന്റിൽ നിന്നും വ്യത്യസ്തമായി വ്യക്തമായ കാഴ്ചപ്പാടോടുകൂടിയ ഒരു അടിത്തറ പാകാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഭരണത്തിൽ ശേഷിക്കുന്ന കാലംകൊണ്ട് അതിന്മേൽ ഐശ്വര്യത്തിന്റെ മനോഹരമായ ഒരു സൗധം ഉണ്ടാക്കിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിയണം.

**ശ്രീ. ജോണി നെല്ലൂർ:** നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിന്റെ പുരോഗതിക്കുവേണ്ടി മുന്നോട്ടുപോകുമ്പോൾ അതിനെ എതിർക്കുന്ന സമീപനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിച്ചിട്ടുള്ളത്. ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ തീരുമാനമെടുത്തിരിക്കുകയാണ്. ആ പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കണം. ആഗോള നിക്ഷേപക സംഗമത്തിൽ 26,000 കോടി രൂപയുടെ പദ്ധതികൾക്കുള്ള ധാരണാ പത്രങ്ങൾ ഒപ്പുവച്ചുവെങ്കിലും കാർഷികമേഖലയ്ക്കാവശ്യമായ പദ്ധതികളൊന്നും അതിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ വളരെ ശ്രദ്ധാപൂർവ്വം കാർഷിക മേഖലയ്ക്കാവശ്യമായ പദ്ധതികൾകൂടി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ തയ്യാറാകണം. കാർഷികോല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കാനും കാർഷിക മേഖലയിലെ ഗവേഷണങ്ങളുടെ വേഗത കൂട്ടാനുമുള്ള നടപടികൾ ത്വരിതപ്പെടുത്തണം. കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിൽനിന്ന് സർക്കാർ ഒരിക്കലും പുറകോട്ട് പോകരുത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തുണ്ടായ അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാകണം.

**ശ്രീ. തോമസ് ഉണ്ണിയാടൻ:** നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ 20 മാസത്തെ സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തിക്കൊണ്ടുള്ള, വികസനത്തിന് പുതിയ ദിശാബോധം പകരുന്ന പ്രഖ്യാപനങ്ങളാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. കാർഷിക-വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി കൈവരിക്കാനും വിവര സാങ്കേതിക വിദ്യയിൽ വമ്പിച്ച കുതിച്ചുചാട്ടം നടത്താനും

നൽകുന്നുണ്ട്. സംസ്ഥാനത്തിന്റെ വികസനത്തിന് തടസ്സം നിൽക്കുന്നത് രാഷ്ട്രീയ അരക്ഷിതാവസ്ഥയാണ്. ആഗോള നിക്ഷേപക സംഗമത്തിൽ പ്രതിപക്ഷനേതാവ് പറഞ്ഞത് നിക്ഷേപ സൗഹൃദം നിലനിർത്താൻ പ്രതിപക്ഷം സഹകരിക്കുമെന്നും ഇനിയും കൂടുതൽ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടാകണമെന്നാണ് പ്രതിപക്ഷം ആഗ്രഹിക്കുന്നതെന്നുമാണ്. എന്നാൽ ആ വാക്കുകളിൽ ആത്മാർത്ഥത കല്പിക്കാത്ത സമീപനമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. ആ സമീപനത്തിൽ മാറ്റം വരുത്തി സമവായമുണ്ടാക്കി പുതിയ വികസന പ്രവർത്തനങ്ങളുമായി സഹകരിച്ച് പ്രതിപക്ഷം മുന്നോട്ടുപോകണം. വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് വേണ്ടിവന്നാൽ നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയോ നിയമങ്ങൾ ലഘൂകരിക്കുകയോ ചെയ്യ ണം.

(രക്തസാക്ഷി ദിനാചരണത്തിന്റെ ഭാഗമായി രാവിലെ 11 മണിക്ക് സഭ ഒന്നടങ്കം എഴുന്നേറ്റ് നിന്ന് രണ്ട് മിനിട്ട്നേരം മൗനം ആചരിച്ചു.)

**ശ്രീ. തോമസ് ഉണ്ണിയാടൻ (തുടർച്ച)**

സംസ്ഥാനത്ത് നിലവിലുള്ള 900 നിയമങ്ങൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന 697 നിയമങ്ങൾ റദ്ദ് ചെയ്യാനും 26 പുതിയ നിയമ നിർമ്മാണങ്ങൾ നടത്താനും നിയമ വകുപ്പുമന്ത്രി തയ്യാറായത് സ്വാഗതാർഹമാണ്. ഭൂവിനിയോഗ ബിൽ, ഭൂപരിഷ്ക്കരണ ബിൽ, കിസാൻ പാസ് ബുക്ക്, മലയോര മേഖലയിൽ കർഷകർക്ക് ആനുകൂല്യം പ്രഖ്യാപിക്കുന്ന ബിൽ എന്നിവയിലൊക്കെ പുതിയ മാറ്റങ്ങൾ വരുന്നത് വികസനത്തിന് സഹായകരമാണ്. വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങളിൽ പ്രതിപക്ഷം കൂടി സഹകരിച്ചാൽ അത് വലിയൊരു മുതൽ കൂട്ടായിരിക്കും.

<u>**ശ്രീ. ടി. എൻ. പ്രതാപൻ**</u>: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിലെ തൊഴിൽ രഹിതരായ യുവാക്കൾക്ക് പ്രതീക്ഷയുളവാക്കുന്നതാണ് ഗവർണ്ണറുടെ

നയപ്രഖ്യാപന പ്രസംഗം. കേരളത്തിൽ ഇന്നോളം മാറിമാറി ഭരിച്ചിരുന്ന ഒരു സർക്കാരിനും തൊഴിലില്ലായ്മ പരിഹരിക്കൻ കഴിഞ്ഞിട്ടില്ലാ എന്ന യാഥാർത്ഥ്യം നിലനിൽക്കുമ്പോഴാണ് ഈ സർക്കാർ ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാനുള്ള തീവ്രശ്രമവുമായി മുന്നോട്ടുവന്നിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കുള്ള വിവിധ പദ്ധതികൾ, വ്യാവസായിക നയം, ക്രമസമാധാനപാലനം തുടങ്ങിയവയിൽ സർക്കാരിന്റെ പങ്കാളിത്തം സ്തുത്യർഹമാണ്. സംസ്ഥാനത്തിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ഇത്രമാത്രം ശക്തമായ കാലഘട്ടം സംസ്ഥാന ചരിത്രത്തിൽ മുമ്പെങ്ങും ഉണ്ടായിട്ടില്ല. വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ഒന്നുകൂടി ശക്തിപ്പെടുത്തുന്നത് കൂടുതൽ ഗുണകരമായിരിക്കും. പോലീസ് നയത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്നവരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കണം. സംസ്ഥാനത്തിന്റെ സമഗ്ര വികസനം പരിപോഷിപ്പിക്കുന്നതിന് 'ജിം'-ന്റെ പ്രവർത്തന ങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത് ക്രിയാത്മകമായ, സൃഷ്ടിപരമായ കാര്യമാണ്. എന്നാൽ കടലിൽ നിന്ന് മണൽ ഖനനം ചെയ്യുന്നത് കടലിലെ ജൈവ വൈവിദ്ധ്യം നശിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്നതിനും ഇടയാക്കും. ഇക്കാര്യത്തിൽ മുഖ്യമന്ത്രി സൃഷ്ടിപരമായ നിലപാട് സ്വീകരിക്കണം. കടലിലെ മണൽ ഖനനം സംബന്ധിച്ച പ്രൊപ്പോസൽ വച്ച അതേ കമ്പനിയെത്തന്നെ അതിന്റെ സാദ്ധ്യതാ പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയ നടപടി ശരിയല്ല. അറബിക്കടലിൽ നിന്ന് മണൽ ഖനനം ചെയ്താൽ പ്രതിവർഷം 6000 കോടി രൂപ വിദേശനാണ്യം നേടിത്തരുന്ന മത്സ്യ സമ്പത്തിനെ അത് ഗുരുതരമായി ബാധിക്കും. ഐക്യജനാധിപത്യമുന്നണി സർക്കാർ യാതൊരു കാരണവശാലും കേരളത്തിലെ മൽസ്യത്തൊഴിലാളികളുടെ വികാരത്തെ വൃണപ്പെടുത്തുന്ന തീരുമാനങ്ങളെടുക്കില്ല . ഉദ്യോഗസ്ഥന്മാർ തയ്യാറാക്കുന്ന പദ്ധതികൾ പലപ്പോഴും മനുഷ്യത്വത്തിന്റെ മുഖമുള്ളതായിരിക്കുകയില്ല എന്ന വസ്തുത ഗവണ്മെന്റ് കണക്കിലെടുക്കണം. കടലും പുഴയും മാഫിയ സംഘങ്ങൾ കയ്യേറുന്നതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിച്ച് താക്കീത് നൽകണം. കേരളത്തിൽ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചതുകൊണ്ട് അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരുന്ന

കോടിക്കണക്കിനു രൂപ കേരളത്തിൽ മുതൽക്കൂട്ടാൻ ഇടയായത് ഒരു വലിയ നേട്ടമാണ്. മാനേജ്മെന്റുകൾ വിദ്യാഭ്യാസമേഖലയെ കച്ചവടമേഖലയാക്കി മാറ്റാതിരിക്കാനുള്ള സംവിധാനമേർപ്പെടുത്തണം. നിയമം സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ടവർ അക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ കർശനമായ നടപടിയെടുക്കണം.

**<u>ശ്രീ. വി.ഡി. സതീശൻ</u>** : നന്ദിപ്രമേയത്തെ പിൻതാങ്ങുന്നു. കഴിഞ്ഞ കാലങ്ങളിൽ സേവന മേഖലയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് കാർഷിക മേഖലയെ അവഗണിക്കുന്ന സമീപനമായിരുന്നു ഗവണ്മെന്റുകൾ സ്വീകരിച്ചത്. മറ്റു സംസ്ഥാനങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഒരു കൺസ്യൂമർ സ്റ്റേറ്റായി കേരളം മാറിക്കൊണ്ടിരിക്കുന്നു. വ്യവസായ മേഖല ശവപ്പറമ്പായി മാറുന്ന സ്ഥിതിയാണ് സംസ്ഥാനത്ത് കാണാൻ കഴിയുന്നത്. രാജ്യത്തെ മൊത്തം റബ്ബർ ഉല്പാദനത്തിന്റെ 95 ശതമാനവും ഉല്പാദിപ്പിക്കുന്ന കേരളത്തിൽ മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള റബ്ബർ ഉല്പന്നങ്ങളാണ് വിറ്റഴിക്കപ്പെടുന്നത്. ആസൂത്രണ പ്രക്രിയയിൽ മാറ്റം വരുത്തി ഉല്പാദനമേഖലയെ പരിപോഷിപ്പിക്കാനുള്ള നയവുമായി ഈ ഗവണ്മെന്റ് മുന്നോട്ടു പോകണം. ഏറ്റവും സുതാര്യമായ വ്യവസ്ഥകളോടുകൂടി കോടിക്കണക്കിനു രൂപയുടെ വരുമാനമുണ്ടാക്കാൻ കഴിയുന്ന രീതിയിൽ ജലപാതകൾ ഉപയോഗപ്പെടുത്താനായി ഒരു പോർട്ട് നിർമ്മിക്കണം. ഗ്ലോബലൈസേഷന്റെ പേരിൽ ഈ സർക്കാർ പ്രൈവറ്റൈസേഷന്റെ പുറകെ പോകാൻ ആഗ്രഹിക്കുന്നില്ല. പ്രൈവറ്റൈസേഷനോടൊപ്പം ഫിനാൻഷ്യൽ-സോഷ്യൽ ആഡിറ്റിംഗ് കൂടി നടത്തണമെന്ന് നിർബന്ധമുള്ള ഗവണ്മെന്റാണിത്. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്. പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റഴിക്കൽ യു.ഡി.എഫ്. ഗവണ്മെന്റിന്റെ നയമല്ല. നമ്മുടെ നാട്ടിൽ വ്യവസായങ്ങൾ ആരംഭിക്കപ്പെടുമ്പോൾ അവയുടെ വ്യവസ്ഥകളിൽ സുതാര്യത ഉറപ്പു വരുത്തണം. വ്യാജമദ്യത്തിന്റെ ഒഴുക്ക് തടയാനുള്ള നടപടികൾ ഉൾക്കൊള്ളുന്ന ഒരു കോൺക്രീറ്റ് പോളിസിതന്നെ മദ്യനയത്തിലുണ്ടാകണം. വിദ്യാഭാസരംഗം അഴിമതി വിമുക്തമാക്കണം. ഒരു എനർജി മാനേജ്മെന്റ് പോളിസിയുണ്ടാക്കണം. സർക്കാർ വകുപ്പുകളിൽ ആവശ്യ

ത്തിലധികം മെറ്റീരിയൽസ് വാങ്ങിക്കൂട്ടുന്ന പ്രവണത അവസാനിപ്പിച്ചുകൊണ്ട് ചെലവു ചുരുക്കുന്നതിനുവേണ്ടി ഇൻവെന്ററി കൺട്രോൾ സംവിധാനം ഏർപ്പെടുത്തണം. നിയമങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കണം. നികുതിരംഗത്ത് ശാസ്ത്രീയമായ പരിഷ്ക്കാരങ്ങളുണ്ടാക്കണം. മാനുഫാക്ചറിംഗ് സെക്ടർ സംരക്ഷിക്കാൻ നടപടിയുണ്ടാകണം. നിയമങ്ങളും ചട്ടങ്ങളും നവീകരിച്ച് ഭരണ സംവിധാനത്തിൽ ആവശ്യമായ മാറ്റം വരുത്തി, ഫയലുകളുടെ അമിതമായ യാത്ര അവസാനിപ്പിച്ചും ചെലവുകൾ നിയന്ത്രിച്ചും വ്യവസായമേഖല സംപുഷ്ടമാക്കി വികസനത്തിന്റെ കാര്യത്തിൽ കേന്ദ്ര ഗവണ്മെന്റുമായി സന്ധി ചെയ്ത് സംസ്ഥാനത്ത് നിക്ഷേപം വർദ്ധിപ്പിക്കാൻ സംവിധാനമേർപ്പെടുത്തണം.

<u>**ശ്രീ. സി.കെ. നാണു**</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഫീസിന്റെ കാര്യത്തിൽ അമിതമായ വർദ്ധനവുണ്ടായിരിക്കുന്നു. അത് പിന്നോക്ക-ദളിത വിഭാഗങ്ങൾക്കും ന്യൂനപക്ഷത്തിനും താങ്ങാൻ കഴിയാതെ കാലക്രമേണ അവരുടെ പുരോഗതിയെ തകർക്കുന്ന ഒന്നായിത്തീരും. കൂടുതൽ സീറ്റുകൾ മാനേജ്മെന്റിന് കിട്ടുന്ന സ്ഥിതിവിശേഷമുണ്ടാകും. ദരിദ്രരായ ആളുകളെ ദോഷകരമായി ബാധിക്കുന്ന തരത്തിലുള്ളതാണ് പുത്തൻ സാമ്പത്തികനയം. വൻലാഭമുണ്ടാക്കിയിരുന്ന ഇന്ത്യയിലെ പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യ മുതലാളിമാർക്ക് വിറ്റഴിക്കപ്പെടുന്നു. കാർഷിക-കൈത്തറി മേഖലകളിലെ പാവപ്പെട്ട തൊഴിലാളികളെ പരിരക്ഷിക്കുന്നതിനുള്ള ഒരു നിർദ്ദേശവും ഗവർണ്ണറുടെ പ്രസംഗത്തിലില്ല. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റായി മാറിക്കൊണ്ടിരിക്കുന്നു. ക്യാൻസർ തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ നിർമ്മിക്കാൻ ഉപകരിക്കുന്ന ഘടകങ്ങൾ കടൽ മണലിന്റെ വിവിധ തട്ടുകളിൽ അടങ്ങിയിരിക്കുന്നതുകൊണ്ടാണ് മൾട്ടി നാഷണൽ കമ്പനികൾ കടൽ മണൽ സംബന്ധിച്ച പ്രോജക്ടുകളുമായി മുന്നോട്ടു വരുന്നത്. അത് സംസ്ഥാനത്തിന് ഗുണകരമാണോ എന്ന് പരിശോധിക്കണം.

<u>**ശ്രീ. കോവൂർ കുഞ്ഞുമോൻ:**</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാന ഖജനാവിലേയ്ക്ക് 200 കോടി രൂപയിലധികം ലാഭമുണ്ടാക്കി തന്നിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മുതലാളിമാർക്ക് തീറെഴുതി കൊടുക്കാൻ ഈ ഗവൺമെന്റ്

സ്വകാര്യവൽക്കരിക്കാൻ പോകുകയാണ്. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത 50 ലക്ഷം പേർക്ക് തൊഴിലില്ലാത്ത സാഹചര്യം സംജാതമായിരിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനും അവയ്ക്കാവശ്യമായ പരിചരണം നൽകാനും ഗവൺമെന്റിന് ധാർമ്മികമായ ബാദ്ധ്യതയുണ്ട്. വിദ്യാഭ്യാസം പണക്കാരന്റെ കയ്യിൽ മാത്രം ഒതുങ്ങുന്ന ഒരു മേഖലയായി മാറിയിരിക്കുന്നു.

**ശ്രീ. മഞ്ഞളാംകുഴി അലി:** നന്ദിപ്രമേയത്തെ എതിർക്കുന്നു. നയമില്ലാത്ത നയപ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയിരിക്കുന്നത്. ഒരു കച്ചവടക്കാരനെന്ന നിലയിൽ ജിം-നെ പിന്താങ്ങുന്നുവെങ്കിലും ഒരു എം.എൽ.എ. എന്ന നിലയിൽ ഇന്നത്തെ പോക്ക് ശരിയല്ല എന്നാണ് അഭിപ്രായം. പ്രൊഡക്ഷൻ ഓറിയന്റഡ് കൾച്ചർ ആണ് നമുക്ക് ആവശ്യമായിട്ടുള്ളത്. നിയമസഭയേയും മന്ത്രിമാരേയും നോക്കുകുത്തികളാക്കി ഉദ്യോഗസ്ഥൻമാർ ഭരണം ഹൈജാക്ക് ചെയ്തിരിക്കുകയാണ്. ഇവിടെ നടക്കുന്നത് ഐ. എ. എസ്. ആക്ടിവിസമാണ്.

**ശ്രീമതി മേഴ്സി രവി**: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. 'സോഷ്യൽ ജസ്റ്റീസ് ടു ആൾ' എന്നുള്ളതാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ സവിശേഷത. അതിന്റെ പ്രതിഫലനം വികസന പദ്ധതിയിൽ കാണാൻ കഴിയും. കേന്ദ്ര ഗവൺമെന്റിൽ നിന്ന് പഞ്ചായത്തുകൾക്ക് അവാർഡ് ചെയ്യുന്ന തുക മുഴുവൻ അവർക്ക് നൽകണം. പതിനൊന്നാമത് ഫൈനാൻസ് കമ്മിഷൻ അവാർഡു ചെയ്ത തുകയിൽ പഞ്ചായത്തുകൾക്ക് മൂന്നിലൊന്ന് ശതമാനം മാത്രമാണ് കിട്ടിയത്. ടെക്നിക്കൽ സ്റ്റാഫിന്റെ ട്രാൻസ്ഫർ ഇതുവരെ പൂർത്തിയായിട്ടില്ല. അത് വികസന കാര്യത്തിൽ ഒരു തടസ്സമായി മാറിയിരിക്കുകയാണ്. എ. ഡി. ബി. ലോണിൽ ആശുപത്രി കെട്ടിടങ്ങളുടെ പ്രവർത്തനത്തിന് വൻ തുക അനുവദിച്ചിട്ടുണ്ട്. ആശുപത്രികളിൽ ആവശ്യമായ സ്റ്റാഫോ ഉപകരണങ്ങളോ ഒന്നും തന്നെയില്ല. ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ

ഏർപ്പെടുത്തണം. മെഡിക്കൽ കോളേജുകളിൽ ടീച്ചിംഗ് എക്സ്പീരിയൻസുള്ള സ്റ്റാഫില്ല. പാവപ്പെട്ടവരുടെ ആശാകേന്ദ്രമായ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കൂടുതൽ ഫണ്ട് കണ്ടെത്തണം. എയ്ഡ്സ് രോഗനിവാരണത്തിനുള്ള പദ്ധതികളെപ്പറ്റി ഗൗരവമായി ചിന്തിക്കണം. അതുപോലെ ജിം–ൽ അഗ്രിക്കൾച്ചറുമായി ബന്ധപ്പെട്ട് ഫുഡ് പ്രോസസിംഗ് സോൺ മാത്രമേ വന്നിട്ടുള്ളൂ. കാർഷിക രംഗത്തെ പ്രോൽസാഹിപ്പിക്കാൻ ബി. ടി. കൂടി പ്രോൽസാഹിപ്പിക്കേണ്ടതായിട്ടുണ്ട്. കാർഷിക മേഖലയ്ക്കുള്ള ബഡ്ജറ്റ് പ്രൊവിഷൻ വർദ്ധിപ്പിക്കണം. എക്സ്പ്രസ് ഹൈവേയുടെ കൺസെപ്റ്റിൽ സൗണ്ട് ബാരിയേഴ്സും സാന്റ് ഡ്രെയിനും കൂടി ഉൾപ്പെടുത്തണം. ജോലി സ്ഥലത്തെ സ്ത്രീ പീഡനം തടയുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തണം. എല്ലാ രംഗങ്ങളിലും സോഷ്യൽ സേഫ്റ്റി നെറ്റ് കൊണ്ടുവരണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. അംഗൻവാടി ജീവനക്കാർക്ക് ടോക്കണായി 100 രൂപ യുടെ ശംപള വർദ്ധനവ് നൽകണം. ആരോഗ്യരംഗത്ത് വോളണ്ടറി സേവനം നടത്തുന്ന മഹിളാ സ്വസ്ത് സംഘങ്ങൾക്ക് ഓണറേറിയം നൽകാൻ നടപടി സ്വീകരിക്കണം. എം. എൽ. എ. ഫണ്ട് തുക വർദ്ധിപ്പിക്കണം.

**പ്രതിപക്ഷനേതാവ്** **(ശ്രീ.വി.എസ്. അച്ചുതാനന്ദൻ)** നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണർ നടത്തിയ പ്രസംഗം പഴയ പ്രസംഗത്തിന്റെ ആവർത്തനമാണ്. പുനർനിർമ്മാണവും പുന:സൃഷ്ടിയും പരിഷ്ക്കരണവുമാണ് ഈ ഗവൺമെന്റിന്റെ 20 മാസത്തെ ഭരണ നേട്ടമായി പറയുന്നത്. 1987–ലെ എൽ.ഡി.എഫ് ഗവൺമെന്റ് 1991–ൽ യു.ഡി.എഫിന് അധികാരം കൈമാറുമ്പോൾ 4000 കോടി രൂപയുടെ കടബാദ്ധ്യതയുണ്ടായിരുന്ന സ്ഥാനത്ത് 1996–ൽ എൽ.ഡി.എഫ് ഗവൺമെന്റിന് അധികാരം കൈമാറുമ്പോൾ കടബാദ്ധ്യത 10,000കോടി രുപയായി ഉയർന്നു. എൽ.ഡി.എഫ് ഗവൺമെന്റ് 2001–ൽ യു.ഡി.എഫിന് അധികാരം കൈമാറുമ്പോൾ കടബാദ്ധ്യത 23919 കോടി രൂപയായി. എന്നാലും 1991–96–ൽ യു.ഡി.എഫ്. വരുത്തിയതുപോലെ കടത്തിൽ എത്തിയില്ല. സാമ്പത്തിക പ്രതിസന്ധിയെന്നു പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് അവരെ അങ്ങേയറ്റം

പിഴിയുന്ന നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. 2001–2002–ലേയ്ക്ക് എൽ.ഡി.എഫ് ഗവൺമെന്റ് 3600 കോടി രൂപയുടെ വാർഷിക പദ്ധതി തയ്യാറാക്കി നൽകിയിരുന്നത് യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം 3015 കോടി രൂപയായും പിന്നീട് 2600 കോടി രൂപയായും വെട്ടിച്ചുരുക്കി. അതിൽ 2270 കോടി ചെലവ് ചെയ്തുവെന്ന് പറയുന്ന സ്ഥാനത്ത് യഥാർത്ഥത്തിൽ ചെലവ് ചെയ്തത് 1950 കോടി രൂപയാണ്. തുക ചെലവാക്കുന്നതിന് വരുത്തിയ കാലതാമസത്തിന്റെ ഫലമായി 1000 കോടി രൂപയുടെ മാച്ചിംഗ് ഗ്രാന്റ് സംസ്ഥാനത്തിന് നഷ്ടപ്പെട്ടു. 2002–2003–ൽ 4026 കോടി രൂപ ചെലവഴിക്കേണ്ട സ്ഥാനത്ത് 1396 കോടി രൂപയാണ് ചെലവ് ചെയ്തി ട്ടുള്ളത്. കേന്ദ്രവിഹിതമായി കിട്ടേണ്ട 1500 കോടി രൂപ നഷ്ടപ്പെടാൻ പോകുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ വർഷം 1200 കോടി രുപകൊടുക്കേണ്ട സ്ഥാനത്ത് 600 കോടി രുപയാണ് കൊടുത്തത്. ഇത്തവണ 1350 കോടി കൊടുക്കാമെന്ന് പറഞ്ഞുവെങ്കിലും 637 കോടി രുപയാണ് കൊടുത്തത്. ട്രാൻസ്പോർട്ട്, ഇലക്ട്രിസിറ്റി ചാർജുകൾ വർദ്ധിപ്പിച്ചു. മൂന്നു തവണ എ.ഡി.ബി.യിൽ നിന്നും കടം വാങ്ങി. ലോകനിക്ഷേപ സമ്മേളനത്തെ തുടർന്ന് വരുന്ന സദുദ്ദേശത്തോടുകുടിയ നിക്ഷേപത്തിന് എല്ലാവിധ പിന്തുണയും നൽകും, അല്ലാത്തതിനെ എതിർക്കുമെന്ന നിലപാടാണ് പ്രതിപക്ഷത്തിനുള്ളത്. ജിം–ൽ കിട്ടിയ 2600 കോടി രൂപയുടെ ഓഫറിൽ പ്രധാനമന്ത്രിയുടെ 10,000 കോടി രൂപയുടെ ഓഫർ 10–ാം പഞ്ചവൽസരപദ്ധതിയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അത് കഴിഞ്ഞുള്ള 16000 കോടി രൂപയുടെ നിക്ഷേപം റിയൽ എസ്റ്റേറ്റുകാരായിട്ടുള്ള ആളുകൾക്ക് ഗവൺമെന്റ് നൽകുന്ന ഓഫർ ആയിട്ടാണ് കാണാൻ കഴിയുന്നത്. മലമ്പുഴയിലേയും പെരിയാറിലേയും വെള്ളം കച്ചവടം ചെയ്യാനും, എറണാകുളം, ഇടുക്കി ജില്ലകളിലെ 2500 ഓളം ഏക്കർ ഭൂമി തുച്ഛമായ വിലയ്ക്ക് കൈമാറാനും എം.ഒ.യു ചർച്ച ചെയ്തിരിക്കുന്നു. കേരളം വരൾച്ച നേരിടുന്ന സാഹചര്യത്തിൽ വെള്ളം കച്ചവടം ചെയ്യുന്ന കാര്യം പ്രതിപക്ഷത്തെ അറിയിക്കാൻ തയ്യാറായില്ലെന്നു മാത്രമല്ല അക്കാര്യം പുറത്തു വന്നപ്പോൾ ഗവൺമെന്റ് അതിനെ നിഷേധിക്കുകയാണുണ്ടായത്. ഇതിനുവേണ്ടി 10–12 കോടി രുപ മുടക്കി പരസ്യം കൊടുത്ത് ടെണ്ടർ ക്ഷണിച്ച ശേഷം ടെണ്ടർ നൽകിയവർക്ക്

ഖനനം ചെയ്യാൻ എം.ഒ.യു ഒപ്പിട്ടതിലൂടെ മൂന്ന് ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലായിരിക്കുകയാണ്. ഇത്തരത്തിൽ നിസ്സാരമായി കാര്യങ്ങൽ കാണുന്നത് ശരിയല്ല. രണ്ടായിരാമാണ്ടിൽ കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി 18 സംസ്ഥാനങ്ങളിലെ ക്രമസമാധാന നിലയെക്കുറിച്ച് പഠനം നടത്തിയതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കേരളമായിരുന്നു. എന്നാൽ കഴിഞ്ഞ 20 മാസത്തെ സ്ഥിതി എന്താണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താരംഭിച്ചതാണെന്ന് അവകാശപ്പെടുന്ന ഐ.ടി. പദ്ധതിയും ടെക്നോപാർക്കിന്റെ അഭിവൃദ്ധിയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്തുണ്ടായതാണ്. ഐ.ടി.യുടെ പ്രവർത്തനം നടക്കുന്ന ടെക്നോപാർക്കിൽ സ്ഥലം ഒഴിഞ്ഞു കിടക്കുമ്പോൾ എറണാകുളത്ത് 500 കോടി രൂപ മുടക്കി ടെക്നോപാർക്ക് ആരംഭിക്കേണ്ട ആവശ്യമില്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന നാൾ മുതൽ ക്രമസമാധാന നില തകർന്നുകൊണ്ടിരിക്കുകയാണ്. തൊഴിലാളി– വിദ്യാർത്ഥി സമരങ്ങളോടെല്ലാം അങ്ങേയറ്റം അസഹിഷ്ണുതയാണ് യു.ഡി.എഫ്.. ഗവൺമെന്റിനുള്ളത്. മതമൗലികസംഘടനകളുടെ സമരങ്ങളുണ്ടാകുമ്പോൾ പോലീസ് ശാന്തരാണ്. മുൻകാലങ്ങളിലെപ്പോലെ ഇപ്പോഴും യുഡി.എഫ്. ഭരണത്തിൽ വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇത് യുഡി.എഫ്. ഭരണത്തിന്റെ മുഖമുദ്രയാണ്. വരൾച്ചയും വെള്ളപ്പൊക്കവുമുണ്ടാകുമ്പോൾ ദുരിതാശ്വാസത്തിനായി മറ്റു സംസ്ഥാനങ്ങൾ കണക്കു പറഞ്ഞ് കേന്ദ്രത്തിൽ നിന്ന് വിഹിതം വാങ്ങുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ട് കേരളത്തിന് അർഹമായ വിഹിതം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ബി.ഒ.ടി. പദ്ധതിയനുസരിച്ച് വിഴിഞ്ഞം തുറമുഖം വികസിപ്പിച്ചു കൊണ്ട് ദക്ഷിണാഫ്രിക്കയിലെ ഒരു സ്ഥാപനം അന്താരാഷ്ട്ര കണ്ടയിനർ ട്രാൻഷിപ്പുമെന്റ് ആരംഭിച്ച് തീരുമാനിക്കുകയും അമേരിക്കയ്ക്ക് ആക്രമണം നടത്തുന്നതിനുള്ള ഒരു താവളമായി വിഴിഞ്ഞം തുറമുഖത്തെ മാറ്റുന്നത് അത്യന്തം അപകടകരമാണ്.

**മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി)</u>** : മൂന്നു ദിവസമായി നന്ദിപ്രമേയത്തെ

നിലപാട് സ്വീകരിച്ചിരിക്കുന്നു. കേരളത്തിന്റെ പൊതുപ്രശ്നങ്ങൾ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ച് ചർച്ചചെയ്യേണ്ടതാവശ്യമാണ്. കേരളത്തിന്റെ വികസനം ജനങ്ങളുടെ മൊത്തത്തിലുള്ള ആവശ്യമാണ്. എല്ലാവിഭാഗം ജനങ്ങളും ഒന്നിച്ചുനിന്ന് ഒരു പുതിയ കേരളം കെട്ടിപ്പടുക്കാനുള്ള പരീക്ഷണം നടത്തണമെന്നുള്ള അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. യു.ഡി.എഫ്. ഭരണമേറ്റെടുത്തപ്പോൾ ഉള്ള സ്ഥിതിയല്ല ഇന്നുള്ളത്, ഇന്ന് സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. കാർഷികമേഖലയാകെ വികസനത്തിന്റെ പാതയിലേയ്ക്ക് നീങ്ങുകയാണ്. പരംപരാഗത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ആത്മാർത്ഥമായ ശ്രമം നടത്തുകയാണ്. കേരളത്തിൽ സാമ്പത്തിക രംഗത്തെ ആക്ടിവിറ്റീസ് വർദ്ധിച്ചിട്ടുണ്ട്.. 2002 ഡിസംബർ വരെയുള്ള എല്ലാ ചെക്കുകളും ക്ളിയർ ചെയ്തുകഴിഞ്ഞു. വരുന്ന തലമുറയെങ്കിലും രക്ഷപ്പെടുന്നതിനുവേണ്ടി ഒരു പുതിയ ദിശാബോധത്തോടെ കേരളത്തിന്റെ വികസനകാര്യത്തിൽ ഒറ്റക്കെട്ടായി നില്ക്കണം. കേരളത്തിൽ കാലാകാലങ്ങളിൽ ഭരിച്ച പല മുഖ്യമന്ത്രിമാരും സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി ധാരാളം നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും ലക്ഷ്യത്തിലെത്താൻ കഴിഞ്ഞിട്ടില്ല. ഭരണപക്ഷത്തിരിക്കുമ്പോൾ എല്ലാവരും പ്രായോഗികവാദികളും പ്രതിപക്ഷത്തുവരുമ്പോൾ നശീകരണപ്രവണതയുള്ള വരുമായിട്ടാണ് കണ്ടുവരുന്നത്. അത് മാറണം. നികുതി വരുമാനം കൊണ്ട് ശമ്പളവും പെൻഷനും നല്കാൻ തികയാത്ത അവസ്ഥയിൽനിന്ന് കരകയറാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിഞ്ഞ ഗവൺമെന്റ് ചില നല്ല കാൽവയ്പുകൾ നടത്തിയെങ്കിലും വീഴ്ചകളും പാളിച്ചകളും സംഭവിച്ചിട്ടുണ്ട്. മുൻ ഗവൺമെന്റിന്റെ കാലത്താണ് എ.ഡി.ബി.– യുമായുള്ള വായ്പാകരാറിൽ ഒപ്പിട്ടത്. ആദ്യമായി ഗുജറാത്തിലും മദ്ധ്യപ്രദേശിലുമാണ് എ.ഡി.ബി.–യുടെ വായ്പാ സഹായം ലഭിച്ചത്. അതിനെത്തുടർന്ന് കേരളത്തിന്റെ മാറിയ സാഹചര്യം കണക്കിലെടുത്ത് അന്നത്തെ കേരള സർക്കാർ കൺസെപ്റ്റ് പേപ്പർ തയ്യാറാക്കി എ.ഡി.ബി.–യുടെ സഹായത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. ഇത് കേരളത്തിന്റെ സാമ്പത്തിക പ്രശ്നത്തിന് നല്ലൊരു തുടക്കം

അത് ലഭിക്കുവാനുള്ള യോഗമുണ്ടായത് ഞങ്ങളുടെ കാലത്താണ്. അതിന്റെ ക്രെഡിറ്റ് മുൻ ഗവൺമെന്റിനും ഈ ഗവൺമെന്റിനും ഒപ്പത്തിനൊപ്പമാണെന്ന കാര്യം സമ്മതിക്കുന്നു. കേരളത്തിന്റെ വികസനകാര്യത്തിൽ ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടായിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന മുഴുവൻ വാട്ടർ സപ്ളൈ പ്രോജക്ടുകളും ഈ ഗവൺമെന്റ് അതേപടി തുടരുകയാണുണ്ടായത്. വേൾഡ് ബാങ്ക് അസിസ്റ്റൻസോടുകൂടിയുള്ള ഈ പ്രോജക്ടുകളുടെ നടത്തിപ്പിന്റെ മുഴുവൻ ചെലവും ജനങ്ങൾ വഹിക്കണം. കഴിഞ്ഞ ഗവൺമെന്റ് കേരളത്തിൽ ആദ്യമായി കൊണ്ടുവന്ന ബി.ഒ.ടി.-യിലെ പോരായ്മകൾ പരിഹരിച്ച് അതു അതേപടി ഈ ഗവൺമെന്റ് തുടരുകയാണ് . കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വ്യവസായികളെ കേരളത്തിലേയ്ക്ക് ക്ഷണിക്കുന്നതിനുവേണ്ടി മുഴുവൻ വിദേശ രാജ്യങ്ങളും സന്ദർശിച്ച് ആത്മാർത്ഥമായ ശ്രമം നടത്തിയെങ്കിലും ഒരു ഫലവുമുണ്ടായില്ല എന്നത് വസ്തുതയാണ്. രണ്ട് പ്രധാന മൾട്ടി നാഷണൽ കമ്പനികളെ കേരളത്തിലേയ്ക്ക് ക്ഷണിക്കുവാനുള്ള പുതിയ നയ സമീപനം കൊണ്ടുവന്നതും കൊച്ചിൻ വാട്ടർ സപ്ളൈ സ്കീം (പെരിയാറിൽ നിന്നും വെള്ളമെടുക്കുവാനുള്ള സ്കീം) കൊണ്ടുവന്നതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്.വിദേശ കുത്തകകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റും ശ്രമം നടത്തിയിരുന്നു. ആരോഗ്യം, വ്യവസായം, ഗതാഗതം തുടങ്ങിയ മേഖലകളിൽ ജോയിന്റ് വെൻചർ ആകാമെന്നുള്ള നയം തുടങ്ങിവച്ചത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ്. ആ നയം ഈ ഗവൺമെന്റും തുടരുന്നു എന്നു മാത്രമേയുള്ളൂ. കഴിഞ്ഞ ഗവൺമെന്റ് ഇൻഡ്യാ ഗവൺമെന്റിന് അയച്ചുകൊടുത്ത കൺസെപ്ട് പേപ്പറിൽ 10 ശതമാനം സർപ്ലസ് സ്റ്റാഫിനെ ഐഡന്റിഫൈ ചെയ്ത് വി.ആർ.എസ്. കൊടുക്കും, റീസ്ട്രക്ച്ചർ ചെയ്യാൻ ബുദ്ധിമുട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ മെർജ് ചെയ്യുകയോ പൂട്ടുകയോ ചെയ്യും, അതിന്റെ അടിസ്ഥാനത്തിൽ 5 പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടാൻ തീരുമാനമെടുത്തു കഴിഞ്ഞു, പവർ സെക്ടറിൽ റെഗുലേറ്ററി കമ്മീഷനെ നിയമിക്കും, ഇലക്ട്രിസിറ്റി ബോർഡിനെ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നീ മൂന്ന് പ്രോഫിറ്റ് സെന്ററുകളായി വിഭജിക്കാൻ

വിസ്മരിക്കരുത്. 1999–ൽ ചെന്നൈയിൽ വച്ചു കൂടിയ ഇൻഡോ–യു.എസ്. ഇൻവെസ്റ്റ്മെന്റ് സമ്മിറ്റിൽ അന്നത്തെ വ്യവസായവകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ 13 ഉന്നത ഉദ്യോഗസ്ഥന്മാർ പങ്കെടുത്ത് ഇരുന്നൂറോളം പ്രോജക്ടുകൾ സബ്മിറ്റ് ചെയ്യുകയും അമേരിക്കൻ ബിസിനസുകാരെ കേരളത്തിലേക്ക് ക്ഷണിക്കുകയും ചെയ്തിരുന്നു. അവർക്ക് ആവശ്യമായ സ്ഥലം ലോംഗ് ലീസിന് കൊടുക്കാമെന്നുള്ള ഓഫറും ഉണ്ടായിരുന്നു. ബി..ഒ.ടി. അടിസ്ഥാനത്തിൽ *ശ*ബരിമല റോഡ് നന്നാക്കുന്നതിനും വികസിപ്പിക്കുന്നതിനും അമേരിക്കക്കാരെ ക്ഷണിച്ചതും കഴിഞ്ഞ ഗവൺമെന്റാണ്. ഇങ്ങനെ കഴിഞ്ഞ ഗവൺമെൻറ് തുടങ്ങിവച്ച കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുക മാത്രമാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. 'ജിം'–ന്റെ കാര്യത്തിൽ ഗവൺമെന്റ് പ്രതീക്ഷിച്ചതിൽ കവിഞ്ഞ സഹകരണം പ്രതിപക്ഷത്തിന്റേതുൾപ്പെടെ എല്ലാവരുടേയും ഭാഗത്തുനിന്നും ഉണ്ടായി. 'ജിം' ഒരു വലിയ വിജയമായിരുന്നു. ഇതുവഴി കേരളം രക്ഷപ്പെടുമെന്നുള്ള പ്രത്യാശ ഉണ്ടായിട്ടുണ്ട്. കടൽമണൽ ഖനനം ഉൾപ്പെടെ 'ജിം'–ൽ സമർപ്പിച്ച ഏതെങ്കിലും പ്രോജക്ടുകളുടെ കാര്യത്തിൽ അപാകതകളുണ്ടെങ്കിൽ പരിശോധിക്കാം. അടുത്തുതന്നെ ആൾ പാർട്ടി മീറ്റിംഗ് വിളിച്ചുചേർത്ത് ഈവക കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാം. പ്രധാനമന്ത്രിയെവരെ 'ജിം'–ൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞതും, ഒരു പുതിയ അന്തരീക്ഷം കേരളത്തിൽ ഉണ്ടാക്കി എടുക്കാൻ കഴിഞ്ഞതും വലിയ നേട്ടമാണ്.'ജിം'–ൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളിൽ സ്വീകാര്യമായവ സമയബന്ധിതമായി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്നുള്ള നയമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇതിനു തുടക്കം കുറിച്ചത് കഴിഞ്ഞ ഗവൺമെന്റാണ്. 'ജിം'–ൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ യാഥാർത്ഥ്യമാക്കുന്നതിന് പ്രതിപക്ഷത്തിന്റെ സഹകരണം ആവശ്യമാണ് ജിം–ൽ വച്ച പ്രോജക്ടുകളെസംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ചർച്ചചെയ്യാൻ സർക്കാർ തയ്യാറാണ്. മലമ്പുഴ പ്രോജക്ട് ജിം –ൽ വച്ചിട്ടില്ല. ജിം –ഓടുകൂടി കേരളത്തിലെ പ്രശ്നങ്ങളെല്ലാം പരിഹരിച്ചുവെന്ന അഭിപ്രായമില്ല. നിക്ഷേപകർക്ക് അനുകൂലമായ അന്തരീക്ഷമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഡബ്ളിയു.ടി.ഒ.യുടെ വരവോടുകൂടി

കാർഷികമേഖലയെ അനുകൂലമായും പ്രതികൂലമായും ബാധിക്കുന്ന ഘടകങ്ങളുണ്ടെങ്കിലും അനുകൂലമായവ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പുരോഗതി യുണ്ടാക്കാനും കാർഷികമേഖലയെ നവീകരിക്കാനുമാണ് ശ്രമിക്കുന്നത്. കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം, ഖാദി തുടങ്ങിയ പരമ്പരാഗതമേഖലകളുടെ പരിഷ്ക്കരണത്തിനുവേണ്ടി ഒരു പ്രത്യേക പരിപാടി പുനരാവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വൻകിട വ്യവസായങ്ങളോ ടൂറിസ്റ്റ് കോംപ്ളക്സുകളോ വന്നതുകൊണ്ട് പരമ്പരാഗതമേഖലയ്ക്ക് ഗുണമുണ്ടാകില്ല. വിദ്യാഭ്യാസരംഗത്തും പൊതുജനാരോഗ്യ രംഗത്തും ഗവൺമെന്റിന്റെ കമ്മിറ്റ്മെന്റ് നിലനിറുത്തിക്കൊണ്ട് മെഡിക്കൽ കോളേജുകളും ജില്ലാ ആശുപത്രികളും നവീകരിക്കാൻ 900 കോടിരൂപയുടെ പദ്ധതി തയ്യാറാക്കി ലോക ബാങ്കിന് നൽകാൻ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. 10-ാം പദ്ധതിയിൽ ദുർബലജന വിഭാഗങ്ങൾക്കുവേണ്ടി ഒരു anti sub plan തയ്യാറാക്കി സമർപ്പിച്ചിരിക്കുകയാണ്. സർക്കാർ നടപടികൾക്ക് സുതാര്യതയും വേഗതയും ഉറപ്പുവരുത്തുന്നതിനായി ഭരണ പരിഷ്ക്കരണം നടത്തുന്നതിന്റെ ഭാഗമായി കാലഹരണപ്പെട്ട നിയമങ്ങൾ വീണ്ടും നിയമസഭയിൽ ബില്ലുകളായി കൊണ്ടുവന്ന് പാസ്സാക്കുന്നതിനുള്ള തീരുമാനം ഭരണ പരിഷ്ക്കരണ കമ്മിറ്റി എടുത്തിട്ടുണ്ട്.. സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ഒരു പുതിയ ഭരണ-പ്രതിപക്ഷ ശൈലി സ്വീകരിക്കേണ്ടിയിരിക്കുന്നു. പ്രതിപക്ഷനേതാവ് ചോദിച്ച മലമ്പുഴയുടെ കാര്യം വിവാദ വിഷയമായതിനാൽ അത് ജിം-ൽ വച്ചില്ലെന്ന് മാത്രമല്ല അങ്ങനെയൊരു സ്കീമേ ഇല്ല. വിദേശ നിക്ഷേപത്തിന് സ്കോപ് ഉണ്ടെങ്കിൽ പ്രതിപക്ഷം ജിം-ൽ സഹകരിക്കാമെന്ന നിലപാട് സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷനേതാവ് ജിം-ൽ പങ്കെടുക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. ഫെബ്രുവരി മാസത്തിൽത്തന്നെ ഒരു ആൾ പാർട്ടി മീറ്റിംഗ് ഇതിനുവേണ്ടി വിളിച്ചുകൂട്ടി സർക്കാരിന് സ്വീകാര്യമായ നടപടികളുമായി മുന്നോട്ടുപോയാൽ കേരളത്തിൽ കൂടുതൽ മൂലധനനിക്ഷേപമുണ്ടാക്കാൻ സാധിക്കും. കേരളത്തിൽ പബ്ലിക് ഇൻവെസ്റ്റ്മെന്റ് ഫലപ്രദ മല്ലാത്ത സാഹചര്യത്തിൽ ഫോറിൻ ഇൻവെസ്റ്റ്മെന്റിന് തുടക്കം കുറിച്ചതിന്റെ ഫലമായിട്ടാണ് ചില പദ്ധതികൾ

പ്രഖ്യാപിച്ചത്. അപ്രകാരം 'ജിം'-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ സംബന്ധിച്ച് സംശയമുന്നയിച്ചിരിക്കുന്നതിനാൽ ഫെബ്രുവരി മാസത്തിൽ തന്നെ കോൺഫറൻസ് വിളിച്ച് ചർച്ച ചെയ്യാം. ചർച്ചയിൽ സ്വീകാര്യമായ കാര്യങ്ങളുമായി മുന്നോട്ട് പോകാനും കൂടുതൽ മൂലധന നിക്ഷേപം സമാഹരിക്കാനുമാണ് സർക്കാരിന്റെ ശ്രമം. രാഷ്ട്രീയമായി വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിലും സംസ്ഥാനത്തിന്റെ വികസന കാര്യങ്ങളിൽ എല്ലാവരും ഒരുമിച്ച് നിൽക്കുന്നത് കൂടുതൽ ഗുണകരമായിരിക്കും. ഈ നന്ദിപ്രമേയം പാസ്സാക്കി തരണമെന്നഭ്യർത്ഥിക്കുന്നു. (മുഖ്യമന്ത്രി സഭയിൽ വായിച്ച 19-3-97-ലെ ക്യാബിനറ്റ് രേഖയും അതിനെത്തുടർന്നുള്ള ചർച്ചകളെ സംബന്ധിച്ച രേഖയും മേശപ്പുറത്തുവച്ചു.)

ഭേദഗതികൾ സഭ നിരാകരിച്ചു.

നന്ദിപ്രമേയം 35 നെതിരെ 82 വോട്ടുകളോടെ സഭ അംഗീകരിച്ചു.

നന്ദിപ്രമേയം സഭ പാസ്സാക്കി.

**ജന്മദിനാശംസ**

**മി. സ്പീക്കർ** : ബഹുമാനപ്പെട്ട റവന്യൂവും നിയമവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്ക് ഹൃദയംഗമമായ സപ്തതി ദിനാശംസകൾ അർപ്പിക്കുന്നു; അദ്ദേഹത്തിന് ദീർഘായുസ്സും ആരോഗ്യവും ഉണ്ടാകട്ടെയെന്ന് ജഗദീശ്വരനോട് പ്രാർത്ഥിക്കുന്നു.

സഭ ഉച്ചയ്ക്കുശേഷം 1.35-ന് പിരിഞ്ഞു.